"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ, തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: അനീഷ്.എ.ബി)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥാനകയറ്റം - ക്രമീകരണം നടത്തി ഉത്തരവാകുന്നു.

പരാമർശം:- 1.05.12.2022 തീയതിയിലെ DT/4036/2022-A9 നമ്പർ ഉത്തരവ്.
2.14.03.2023 തീയതിയിലെ DT/1177/2023-A9 നമ്പർ ഉത്തരവ്.
3.25.03.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
4.30.03.2023 തീയതിയിലെ DT/1177/2023-A9 നമ്പർ ഉത്തരവ്.
5.30.03.2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ:DT/3338/2022-A9 തീയതി: 05-04-2023**

പരാമർശം(1) പ്രകാരം പ്രസിദ്ധീകരിച്ച സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും 3 ജീവനക്കാർക്ക് പരാമർശം(3) പ്രകാരം എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ചിരുന്നു.

പരാമർശം(2) പ്രകാരം യു.ഡി സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം അനുവദിച്ചത് മുഖേനെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നിലവിൽ വന്ന ഒഴിവുകളിലേയ്ക്കാണ് പരാമർശം(3) പ്രകാരം ഉദ്യോഗകയറ്റം അനുവദിച്ചിട്ടുള്ളത്. എന്നാൽ , പരാമർശം(2) ഉത്തരവിൽ ക്രമ നം.3 ആയി ഉദ്യോഗകയറ്റം അനുവദിച്ച ശ്രീ.അബ്ദുൾ ലത്തീഫ്.എ, എൽ.ഡി സ്റ്റോർ കീപ്പർ, ഐ.ടി.ഐ പോരുവഴി യു.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥാനകയറ്റം പരാമർശം (4) പ്രകാരം റിലിൻക്വിഷ് ചെയ്തത് മുഖേനെ നിലവിലെ സ്ഥാപനത്തിൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ തുടരാൻ അനുവദിക്കേണ്ട സാഹചര്യം ഉണ്ടായി . തന്മൂലം ടി സ്ഥാപനത്തിലേയ്ക്ക് ഉദ്യോഗകയറ്റം അനുവദിച്ച ശ്രീ.സന്തോഷ്.കെ, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ അരീക്കോട് ന എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കാൻ നിർവാഹമില്ല. എന്നാൽ പരാമർശം(3) പ്രകാരം എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം അനുവദിച്ച 3 സ്റ്റോർ അറ്റൻഡർമാരിൽ 2 പേരുടെ സ്ഥാനകയറ്റം പരാമർ ശം( 5 ) പ്രകാരം ഒരു വർഷത്തേയ്ക്ക് റിലിൻക്വിഷ് ചെയ്ത് ഉത്തരവായതിനെത്തുടർന്ന് ഐ.ടി.ഐ.തിരുവമ്പാടി, ഐ.ടി.ഐ (വ) കഴക്കൂട്ടം എന്നീ സ്ഥാപനങ്ങളിൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീ.അബ്ദുൾ ലത്തീഫ്.എ, എൽ.ഡി സ്റ്റോർ കീപ്പർ ഐ.ടി.ഐ.പോരുവഴിയിൽ സേവനത്തിൽ തുടരുന്നതിനാൽ, പരാമർശം(3) പ്രകാരം ടി സ്ഥാപനത്തിൽ ഉദ്യോഗകയറ്റം അനുവദിച്ച് നിയമിച്ച ശ്രീ.സന്തോഷ്.കെ, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ അരീക്കോട് നെ ഐ.ടി.ഐ.തിരുവമ്പാടി യിലെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവിൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

ടി ഉത്തരവിന് പരാമർശം(3) ഉത്തരവ് തീയതി പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ശ്രീ.സന്തോഷ്.കെ, സ്റ്റോർ അറ്റൻഡർ, ഐ.ടി.ഐ അരീക്കോട് നിലവിൽ ക്രമീകരണം നടത്തി നിയമിച്ച സ്ഥാപനത്തിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:-</u>

ശ്രീ.സന്തോഷ്.കെ, സ്റ്റോർ അറ്റൻഡർ,

ഐ.ടി.ഐ അരീക്കോട്

<u>പകർപ്പ്:-</u>

1.പ്രിൻസിപ്പാൾ , ഐ.ടി.ഐ അരീക്കോട്/

ഐ.ടി.ഐ.തിരുവമ്പാടി / ഐ.ടി.ഐ.പോരുവഴി

2.വകുപ്പ് വെബ്സൈറ്റ്

3.കരുതൽ ഫയൽ (എ9)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്